# മലയാളികളുടെ ആസ്വാദന നിലവാരം ഇടിയുന്നു

രണ്ടാഴ്ചകൾക്കുമുമ്പ് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന് പുകൾപെറ്റ തൃശൂരിലെ ഒരു സിനിമാ തിയ്യറ്ററിൽ അശ്ലീല രംഗങ്ങൾ പ്രദർശിപ്പിച്ചില്ലാ എന്ന പേരിൽ കാണികൾ കൈയ്യേറി നാശനഷ്ടങ്ങൾ വരുത്തുകയുണ്ടായി. വാർത്താ മാധ്യമങ്ങളുടെ സെൻസേഷനൽ കോളങ്ങളിൽനിന്ന് മിക്കവാറും ഒഴിഞ്ഞുനിന്ന തീർത്തും നാണംകെട്ട ഈ സംഭവം മലയാളികളുടെ സിനിമാസ്വാദന നിലവാരത്തിന്റെ മൂല്യത്തകർച്ചയായി വിലയിരുത്തേണ്ടിയിരിക്കുന്നു.

'ഫയർ' എന്ന ഇന്ത്യൻ ഇംഗ്ലീഷ് സിനിമ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു സംഭവം. ദീപാമേത്ത എന്ന സ്ത്രീ സംവിധായിക എടുത്ത ഈ ചിത്രം പുരുഷന്റെ കഴിവില്ലായ്മയും അവഗണനയും രണ്ടു സ്ത്രീകളെ സ്വവർഗരതിയിലേക്ക് നയിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്നു. ആരും ഇതേവരെ കൈകാര്യം ചെയ്തിട്ടില്ലാത്ത പുതുമയാർന്ന ഒരു ആശയം പ്രതിപാദിക്കുന്ന ഏറെ വിവാദം സൃഷ്ടിച്ചിട്ടുള്ള ഈ ചിത്രത്തിന് തീർച്ചയായും പോരായ്മകൾ ഉണ്ടെങ്കിലും ഒരിക്കലും അതൊരു മൂന്നാംകിട മസാല സിനിമയല്ല.

പക്ഷേ, ഈ ചിത്രത്തിന്റെ ക്ലൈമാക്സ് തൃശൂരിൽ ഇങ്ങനെയായിരുന്നുവെന്നു മാത്രം. കേട്ടുകേൾവിയും അബദ്ധ ധാരണയുമായി ഈ ചിത്രം കാണാനെത്തിയവരായിരുന്നു (ഇപ്പോൾ എത്തുന്നതും) ഭൂരിഭാഗവും. സ്ത്രീവിഷയം കൈകാര്യം ചെയ്യുന്ന ഈ സിനിമ കാണാൻ എത്തുന്നവർ ഒട്ടുമിക്കവാറും പുരുഷന്മാരാണെന്നുള്ളതും സ്ത്രീകൾ തീരെ എത്തുന്നില്ലെന്നുള്ളതും ശ്രദ്ധേയമാണ്.

രണ്ടു സ്ത്രീകൾക്കിടയിലെ ലൈംഗികത വിഷയമാക്കുമ്പോൾ അധികപങ്കും ലൈംഗിക രോഗികളായ കേരളത്തിലെ പുരുഷന്മാർ ചാടിപ്പുറപ്പെടാതിരിക്കില്ലല്ലോ. സിനിമാ പോസ്റ്ററിൽ കണ്ട 'എ' സർട്ടിഫിക്കറ്റ് എല്ലാവരെയും ഒന്നുകൂടി ഹരംകൊള്ളിച്ചു. സംഗതി ഉഷാറായിരിക്കുമല്ലോ എന്നുറപ്പിച്ച് തിയ്യറ്ററിനകത്തേക്ക് ഇരച്ചുകയറിയ ജനം, പ്രതീക്ഷിച്ചതൊന്നും ചിത്രത്തിൽ കാണാതായപ്പോൾ അസ്സൽ ഞരമ്പുരോഗികളെപ്പോലെ പെരുമാറി. ആളുകളുടെ പേക്കൂത്ത് അവസാനിച്ചപ്പോൾ തിയ്യറ്ററിന് ഒന്നര ലക്ഷം രൂപയോളം നഷ്ടം, രണ്ടുമൂന്നു ദിവസം സിനിമാ പ്രദർശനവും നിർത്തിവച്ച് തിയ്യറ്റർ അടച്ചിടുക കൂടിയുണ്ടായി.




ആളുകളുടെ ലൈംഗിക ചോദനകൾ മുതലെടുത്ത് തഴച്ചുവളരുന്ന മൂന്നാംകിട സിനിമാ വ്യവസായം ഉയർത്തുന്ന ഭീകരതയുടെ പ്രത്യക്ഷമായ പ്രതിഫലനമായി ഇതിനെ കണക്കാക്കേണ്ടിയിരിക്കുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ നിയമങ്ങളെ മറികടന്ന് വ്യാപിക്കുന്ന അശ്ലീല സിനിമകളും വീഡിയോ കാസറ്റുകളും മുഖ്യധാരാ സിനിമകളിൽതന്നെ മനഃപൂർവം കുത്തിക്കയറ്റുന്ന ഇക്കിളിരംഗങ്ങളും ആഭാസകരമായ ടെലിവിഷൻ പരസ്യങ്ങളും വിദേശ കേബിൾ ചാനലുകളും വരുത്തിവയ്ക്കുന്ന വിനയാണിത്. ഇവരുടെ കൈയ്യിൽ സ്ത്രീ വെറും കച്ചവടച്ചരക്കുമാത്രമാണ്. ഇവയെല്ലാം യുവാക്കളിലും കുട്ടികളിലും സ്ത്രീ-പുരുഷബന്ധത്തെക്കുറിച്ച് തെറ്റായ ധാരണകൾ പരത്തി ഒരു സമൂഹത്തെ മുഴുവൻ വഴിപിഴപ്പിക്കുന്നു.

അത്യന്തം ഭീഷണമായ സാഹചര്യമാണിത്. ഞരമ്പുരോഗികളെ പേറുന്ന ഒരു സമൂഹത്തിന് അത് എത്രതന്നെ ഭൗതിക പുരോഗതിപ്രാപിച്ചതാണെങ്കിൽകൂടിയും നൂറു ശതമാനം സാക്ഷരത ഉണ്ടെങ്കിൽ കൂടിയും ഒരു തരത്തിലും അഭിമാനിക്കാൻ അർഹതയില്ല.

സ്വന്തം ലേഖകൻ